കാസർഗോഡ്-തിരുവനന്തപുരം അതിവേഗ റെയിൽ പദ്ധതികളിൽ

304 (644) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ്-തിരുവനന്തപുരം അതിവേഗ റെയിൽ പദ്ധതി ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇതിനുവേണ്ടി ഇതുവരെ എന്തൊക്കെ കാര്യങ്ങൾചെയ്തു എന്നും എത്ര രൂപ ചെലവഴിച്ചുവെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 23-4-2014-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ അവലോകന യോഗത്തിൽ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ആറ് മാസത്തിനുള്ളിൽ സർക്കാരിൽ സമർപ്പിക്കുന്നതിന് തീരുമാനിക്കുകയും അതിൻപ്രകാരം DMRC പദ്ധതിയുടെ സർവേ നടപടികൾ നടത്തിവരികയും ചെയ്യുന്നു.

(സി) പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിലേക്കായി ബന്ധപ്പെട്ട ഏജൻസിയായ DMRC ഇതുവരെ ഏകദേശം 60 ശതമാനത്തോളം പദ്ധതി പ്രദേശത്തിന്റെ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന സർവ്വേ നടപടികൾ DMRC നടത്തി വരുകയും ചെയ്യുന്നു. പദ്ധതിയുടെ ആവശ്യത്തിനായി ഇതുവരെ 21.30 കോടി രൂപ ചെലവായിട്ടുണ്ട്.

എമർജിംഗ് കേരള സംഗമം

305 (645) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെകാലത്ത് നടത്തിയ എമർജിംഗ് കേരള സംഗമത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സംഗമത്തിൽ വന്ന എത്ര പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ ;

(സി) എത്ര പദ്ധതികളിലാണ് എം.ഒ.യു. ഒപ്പിട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) സംഗമത്തിൽ വന്നതും നടപ്പാക്കാൻ തീരുമാനിച്ചതുമായ പദ്ധതികൾ പ്രാവർത്തികമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തിന്റെ വൈവിധ്യമാർന്ന വിഭവങ്ങളും സാധ്യതകളും ലോകത്തിനുമുന്നിൽ അവതരിപ്പിക്കുക എന്നതും, വികസനാധിഷ്ഠിതവും നിക്ഷേപ സൗഹൃദപരവുമായ അന്തരീക്ഷത്തിലൂടെ സംസ്ഥാനത്തെ നിക്ഷേപ സാധ്യതകൾ വർദ്ധിപ്പിക്കുക എന്നതുമായിരുന്നു എമർജിങ്ങ് കേരളയിലൂടെ ലക്ഷ്യമാക്കിയിരുന്നത്. കേരളത്തെ വ്യവസായ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി പുറംലോകത്തിനുമുന്നിൽ അവതരിപ്പിക്കുവാനും, നിക്ഷേപ സാധ്യതകൾ വർദ്ധിപ്പിക്കുവാനും ഈ സംഗമത്തിലൂടെ സാധിച്ചിട്ടുണ്ട്. എമർജിംഗ് കേരള സംഗമത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ കീഴിൽ ലഭിച്ച 177 പദ്ധതികളിൽ 83 പദ്ധതികൾ ഇപ്പോൾ പുരോഗമിച്ചു വരുന്നു. ഇവയിൽ വ്യവസായ വകുപ്പിന്റെ കീഴിൽമാത്രം ഇപ്പോൾ 19 പദ്ധതികളുടെ നിർമാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) എമർജിംഗ് കേരളയുടെ ഭാഗമായി സർക്കാരുമായി ധാരണാപത്രം ഒപ്പുവച്ചത് താഴെ പറയുന്ന രണ്ട് പദ്ധതികൾക്കാണ് :

1. Capacity Expansion of Refinery Plant and setting up of petrochemical plant at Kochi by BPCL between BPCL and Govt of Kerala

2. Advanced Diploma course in Automotive Mechatronics (ADAM) Course at Government Engineering College, Trivandrum by Mercedez Benz

(ഡി) എമർജിംഗ് കേരള സംഗമത്തിൽ വന്ന പദ്ധതികളുടെ സുഗമമായ നടത്തിപ്പിലേക്കും, പദ്ധതി നിർദ്ദേശങ്ങൾക്ക് സമയ ബന്ധിതമായി അംഗീകാരം കൊടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും, നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുമായി ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ കൗൺസിലും, ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതികൾ ലഭ്യമാക്കിക്കൊണ്ട് പദ്ധതികൾക്ക് അംഗീകാരം കൊടുക്കുന്നതിനുവേണ്ടി ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡും രൂപീകരിച്ചിട്ടുണ്ട്. അതുപോലെ എമർജിംഗ് കേരളയിൽ ചർച്ചചെയ്ത ആശയങ്ങളെയും, പദ്ധതികളെയും ഫലവത്താക്കുന്നതിനായി ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ബോർഡ് രൂപീകരിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly